**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 250** **26-06-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കിയ പാഠ്യപദ്ധതിയും പാഠപുസ്തക വിതരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ അധ്യയന വർഷം വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ കൃത്യസമയത്ത് തന്നെ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. മുൻ നിശ്ചയിച്ച പ്രകാരം പാഠ്യപദ്ധതി പരിഷ്കരിച്ച 1,3,5,7,9 എന്നീ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ, പ്രവർത്തന പുസ്തകങ്ങൾ ഒഴികെ ഒന്നാം വാല്യം പാഠപുസ്തകങ്ങൾ മദ്ധ്യവേനൽ അവധി കഴിഞ്ഞ് സ്കൂളുകൾ തുറക്കുംമുമ്പ് തന്നെ പാഠപുസ്തക വിതരണം സംബന്ധിച്ച നടപടികൾ കൃത്യമായ ഇടവേളകളിൽ പൊതുവിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് വിലയിരുത്തുന്നുണ്ട്. 1, 5, 7, 9 ക്ലാസ്സുകളിൽ പുതുതായി ഏർപ്പെടുത്തിയ പ്രവർത്തന പുസ്തകങ്ങൾകൂടി ഇതിനോടകം കുട്ടികൾക്ക് ലഭ്യമായിരിക്കും. |
| (ബി) | സമൂഹത്തിന്റെ വൈവിധ്യത്തെ ഇല്ലാതാക്കി അസമത്വങ്ങളും അനീതികളും വർദ്ധിപ്പിക്കാൻ വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തുന്ന കേന്ദ്രനയത്തിന് ശക്തമായ പ്രതിരോധം സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തിന്റെ പുതിയ പാഠ്യ പദ്ധതിക്കും പാഠപുസ്തകങ്ങൾക്കും കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് അത് പഠിതാക്കളിൽ വിനിമയം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023തയ്യാറാക്കിയിട്ടുള്ളത്. പാഠ്യപദ്ധതി ചട്ടക്കൂടിനെ അടിസ്ഥാനമാക്കിയുള്ള പാഠപുസ്തകങ്ങൾ 2024 -25 അധ്യയനവർഷത്തിൽ 1, 3, 5, 7, 9 ക്ലാസുകളിൽ നടപ്പാക്കുകയാണ്. പരിഷ്കരിച്ച പാഠപുസ്തകങ്ങൾ ക്ലാസ് റൂമിൽ വിനിമയം ചെയ്ത് തുടങ്ങിയിട്ട് ഒരു മാസം പൂർത്തിയായിട്ടില്ല. കുട്ടികൾ അതിലെ മൂല്യങ്ങൾ ഉൾക്കൊണ്ട് എത്രകണ്ട് മുന്നേറുന്നു എന്നത് വരുംനാളുകളിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും.<br><br>എന്നാൽ പാഠപുസ്തക ഉള്ളടക്കം സംബന്ധിച്ച് പൊതുസമൂഹങ്ങളിലും മാധ്യമങ്ങളിലും ഉണ്ടായിട്ടുള്ള ചർച്ചകൾ പാഠ്യപദ്ധതി വിനിമയം ചെയ്യുന്ന ആശയങ്ങൾ ഫലപ്രദമായി കുട്ടികളിൽ എത്തിക്കുന്നതിന് സഹായകമാകും എന്നു കരുതുന്നു. പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്ന ലിംഗനീതി എന്ന ആശയത്തെ പാഠപുസ്തകങ്ങൾ ഉൾക്കൊണ്ടതായി സമൂഹത്തിൽ നടന്ന ചർച്ചകൾ സൂചിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പുതുക്കിയ പാഠ്യപദ്ധതിയിൽ അക്കാദമിക മികവുകൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന അധ്യാപക ശാക്തീകരണം വിജയകരമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | ഉണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പശ്ചാത്തലത്തിൽ നടന്ന പാഠപുസ്തകങ്ങളുടെ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ സവിശേഷ പ്രാധാന്യത്തോടെയാണ് ഈ വർഷത്തെ അവധിക്കാല അധ്യാപക പരിശീലനങ്ങൾ എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ നടന്നത്. പരിശീലനം ഫലപ്രദമാക്കുന്നതിന് വേണ്ടി രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിൽ നിന്നുമായി എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ നിന്നുമായി 170 ഓളം അധ്യാപകരുടെ നേതൃത്വത്തിലാണ് എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലെ പരിശീലന മൊഡ്യൂളുകൾ രൂപീകരിച്ചത്.<br><br>തുടർന്ന് നാല് ദിവസം നീളുന്ന സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് പരിശീലനങ്ങൾ നടന്നു. എൽ. പി. തലത്തിൽ ഒരു ജില്ലയിൽ നിന്നും നാല് പേർ എന്ന നിലയ്ക്ക് എല്ലാ ക്ലാസിലെയും അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് 8 സംസ്ഥാന റിസോഴ്സ് ഗ്രൂപ്പുകളാണ് നടന്നത്. ഒന്ന്, രണ്ട്, മൂന്ന്, നാല് ക്ലാസിന് പുറമേ അറബിക്, കന്നട, തമിഴ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രത്യേകമായും എസ്.ആർ. ജി.കൾ (State Resource Group) നടത്തി.<br><br>യു.പി. തലത്തിൽ 11 കേന്ദ്രങ്ങളിലായി എസ്.ആർ.ജി. നടത്തി. ഒരു വിഷയത്തിൽ മൂന്നുപേർ എന്നുള്ള നിലയ്ക്കാണ് എല്ലാ ജില്ലയിൽ നിന്നും അംഗങ്ങളെ ഉൾപ്പെടുത്തിയത്. മലയാളം, അറബിക്, സംസ്കൃതം, തമിഴ്, ഉറുദു, കന്നട, ഇംഗ്ലീഷ്, ഹിന്ദി, സോഷ്യൽ സയൻസ്, ബേസിക് സയൻസ്, ഗണിതം എന്നീ വിഷയങ്ങളിൽ നാല് ദിവസങ്ങളിലായി യു.പി. തലത്തിലുള്ള സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം നടത്തി.<br><br>ഹൈസ്കൂൾ വിഭാഗത്തിൽ ഒരു ജില്ലയിൽ നിന്നും ഒരു വിഷയത്തിൽ രണ്ടുപേർ എന്നുള്ള നിലയിൽ അധ്യാപകരെ ഉൾപ്പെടുത്തി 16 കേന്ദ്രങ്ങളിലായാണ് സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം നടത്തിയത്. മലയാളം, അറബിക്, സംസ്കൃതം, തമിഴ്, ഉറുദു, കന്നഡ, ഇംഗ്ലീഷ് , ഹിന്ദി, സോഷ്യൽ സയൻസ്, ഗണിതം, കലാവിദ്യാഭ്യാസം, കായികവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ പതിനാറ് വിഷയങ്ങളിലായാണ് ഹൈസ്കൂൾ വിഭാഗം എസ്.ആർ.ജി. നടന്നത്. ഈ പരിശീലനങ്ങൾ എല്ലാം റസിഡൻഷ്യൽ രീതിയിലാണ് നടത്തിയത്. |

| | | | |
|---|---|---|---|
| | | | ദീർഘകാലത്തിനു ശേഷമാണ് അവധിക്കാല അധ്യാപക പരിശീലനം ഹയർ സെക്കൻഡറി വിഭാഗത്തിൽ നടക്കുന്നത്. മൂന്ന് ഘട്ടങ്ങളിലായാണ് മൊഡ്യൂൾ നിർമ്മാണശില്പശാലകൾ ചേർന്നത്. ഓരോ വിഷയങ്ങളിൽ നിന്നും നാല് അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ടാണ് ശില്പശാലകൾ സംഘടിപ്പിച്ചത്.<br><br>ആദ്യഘട്ടമായി പതിനാല് വിഷയങ്ങളിലാണ് എസ്.ആർ.ജി. നടത്തിയത്. സോഷ്യോളജി, ഗണിതം, കമ്പ്യൂട്ടർ സയൻസ്, ഹിസ്റ്ററി, കെമിസ്ട്രി, ബോട്ടണി, സുവോളജി എന്നീ വിഷയങ്ങൾ ഓരോ ഘട്ടമായും മലയാളം, ഫിസിക്സ്, ഇംഗ്ലീഷ്, കൊമേഴ്സ്, ഇക്കണോമിക്സ്, പൊളിറ്റിക്സ് എന്നീ വിഷയങ്ങൾ രണ്ട് ഘട്ടമായും നടത്തി.<br><br>13 കേന്ദ്രങ്ങളിലായി മൂന്നാംഘട്ട ഹയർ സെക്കൻഡറി തല എസ്.ആർ.ജി. പരിശീലനം ഇനി നടക്കാനുണ്ട്. ഈ പരിശീലനത്തിൽ ഗാന്ധിയൻ സ്റ്റഡീസ്, സൈക്കോളജി, ജിയോളജി, ഫിലോസഫി, ജ്യോഗ്രഫി, ജേർണലിസം, ഉറുദു, സോഷ്യൽ വർക്ക്, ഹോം സയൻസ്, തമിഴ്, അറബിക്, കന്നഡ എന്നീ വിഷയങ്ങൾ ഒറ്റ ഘട്ടമായും സംസ്കൃതവും സ്റ്റാറ്റിസ്റ്റിക്സും രണ്ട് ഘട്ടമായും നടക്കും.<br><br>ഫീൽഡ് തല അധ്യാപക പരിശീലനത്തിന് സമഗ്ര ശിക്ഷ കേരള നേതൃത്വം കൊടുത്തു. |
| (ഡി) | പൊതു വിദ്യാഭ്യാസം പിന്തുടരുന്ന എല്ലാ പാഠപുസ്തകങ്ങളുടെയും തുടക്കത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ഉൾപ്പെടുത്തിയിട്ടുള്ളത് കുട്ടികൾ ഭരണഘടന പഠിക്കുന്നതിനും അതിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതിനും സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഭരണഘടനയോടുള്ള ആദരവ് കുട്ടികളിൽ നിലനിർത്തുന്നതിന് ഇന്ത്യൻഭരണഘടനയുടെ ആമുഖം എല്ലാ പാഠപുസ്തകങ്ങളുടെയും ഉള്ളടക്കത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്. ഭരണഘടന മൂല്യങ്ങൾ കുട്ടികൾ കൈവരിക്കണമെന്ന ലക്ഷ്യത്തോടെയാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 തയ്യാറാക്കിയിട്ടുള്ളത്. ഇതിനെ അടിസ്ഥാനമാക്കിയിട്ടുള്ള പാഠപുസ്തകങ്ങളും അധ്യാപക സഹായിയും ഈ നിലപാടിൽ ഉറച്ചു നിന്നുള്ളതാണ്.<br><br>പുതിയ പാഠ്യപദ്ധതി അടിസ്ഥാനമാക്കിയുള്ള പാഠപുസ്തകങ്ങൾ സ്കൂൾതലത്തിൽ വിനിമയം ചെയ്യുവാൻ ആരംഭിച്ചിട്ട് ഒരുമാസം പൂർത്തിയാകുന്നതേയുള്ളൂ. കുട്ടികൾ അതിലെ മൂല്യങ്ങൾ എപ്രകാരം ഉൾക്കൊണ്ടു എന്നത് വരുംനാളുകളിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ